**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3927** **28-06-2024 - ൽ മറുപടിയ്ക്ക്**

**ദുരന്ത നിവാരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ചക്രവാതച്ചുഴി മൂലമുള്ള അതിതീവ്രമഴയും കാലവർഷവും കാരണം വെള്ളപ്പൊക്ക ഭീഷണി നേരിടാൻ ഇടയുള്ള സംസ്ഥാനത്ത് ദുരന്ത നിവാരണ വകുപ്പ് സ്വീകരിച്ചതും സ്വീകരിച്ച് വരുന്നതുമായ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | വിദഗ്ധരുടെ വിലയിരുത്തലനുസരിച്ച് ഒന്നിലേറെ ദുരന്തസാധ്യതാ മേഖലയിലാണ് കേരളം. 2018-ലെ മഹാപ്രളയത്തെ തുടർന്ന് മലയോരമേഖലയിലെ അപകടകരമായ വീടുകളിൽ കഴിയുന്നവരെ കണ്ടെത്തുന്നതിനുള്ള വിലയിരുത്തൽ ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ മുഖേന നടത്തിയിരുന്നു. ഇത്തരം വീടുകളിൽ താമസിക്കുന്നവർക്ക് ആ സ്ഥലത്തുനിന്നും മാറി താമസിക്കുന്നതിന് സ്ഥലവും വീടും അനുവദിക്കുന്നതിന് 10 ലക്ഷം രൂപ വീതം അനുവദിച്ചുവരുന്നു.<br><br>2024 ലെ കാലവർഷവും തുലാവർഷവും മുൻനിറുത്തി ദുരന്തപ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. സമയോചിതമായ ജാഗ്രതാ സന്ദേശപ്രചാരണം ഇതിൽ പ്രധാനമാണ്. ഇതിനായി Kerala Warnings, Hazards and Crisis Management System എന്ന മുന്നറിയിപ്പ് സംവിധാനം ഒരുക്കിയിട്ടുണ്ട്. സൈറണുകളും, സ്ട്രോബ് ലൈറ്റുകളും, പ്രതിരോധ പ്രവർത്തനങ്ങൾക്ക് ജില്ലകൾതോറും യുവി റേഡിയോ മീറ്ററുകൾ , ഓട്ടോമാറ്റിക് വെതർസ്റ്റേഷനുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ആവശ്യമാകുന്ന പക്ഷം ഹെലികോപ്റ്ററുകൾക്ക് ഇറങ്ങാൻ കഴിയുന്ന സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. മഴയുടെയും അണക്കെട്ടുകളിലെ, ജലനിരപ്പിന്റെയും അളവുപരിശോധന നടത്തി മുന്നറിയിപ്പുകളും നൽകിവരുന്നു. 2018-ലെയും 2019-ലെയും പ്രളയത്തിന്റെ അടിസ്ഥാനത്തിൽ സേനാ സംവിധാനങ്ങളും അനുഭവത്തിന്റെ എല്ലാ ജാഗ്രതയോടെയുള്ള ദുരന്ത പ്രതികരണ പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിട്ടുള്ളത്. |
| (ബി) | കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽ നിന്നും ചക്രവാതച്ചുഴി, കാലവർഷം ഇവ സംബന്ധിച്ച | (ബി) | കേന്ദ്ര കാലാവസ്ഥ വകുപ്പ് എല്ലാ ദിവസവും അടുത്ത 5 ദിവസത്തേക്കുള്ള ജില്ലാടിസ്ഥാനത്തിലുള്ള മഴ |

| | | | |
|---|---|---|---|
| | അറിയിപ്പ് ലഭിച്ചതെന്നാണെന്നും അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച പ്രധാന നടപടികൾ തീയതികൾ സഹിതം വെളിപ്പെടുത്താമോ; | | മുന്നറിയിപ്പ് നൽകുന്നുണ്ട്. മെയ് 23-ന് ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം രൂപപ്പെട്ട് ചുഴലിക്കാറ്റായി മാറാനുള്ള സാധ്യത അറിയിച്ചിരുന്നു.<br><br>2024 മെയ് 17 മുതൽ 24 വരെ, മെയ് 28 മുതൽ 30 വരെ, ജൂൺ 01 മുതൽ 3 വരെ, ജൂൺ 6 മുതൽ 10 വരെ, ജൂൺ 20 മുതൽ 24 വരെ എന്നീ ദിവസങ്ങളിലാണ് കേന്ദ്ര കാലാവസ്ഥ വകുപ്പ് കേരളത്തിലെ ഏതെങ്കിലും ഒന്നോ അതിൽ കൂടുതലോ ജില്ലകളിൽ ഓറഞ്ച് (അതിശക്തമായ മഴ), റെഡ് (അതിതീവ്ര മഴ) എന്നീ അലെർട്ടുകൾ പ്രഖ്യാപിച്ചിട്ടുള്ളത്. |
| (സി) | ഇപ്പോഴുണ്ടായ അതിതീവ്രമഴയിൽ സംസ്ഥാനത്തെ പ്രധാന നഗരങ്ങളെല്ലാം വെള്ളക്കെട്ടിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനു കാരണമായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ? | (സി) | മണിക്കൂറിൽ 100 മില്ലിലിറ്ററിലധികം മഴ പെയ്യുന്നതിനെ മേഘവിസ്ഫോടനമെന്നും 50 മില്ലിലിറ്ററിലധികമുള്ളതിനെ ലഘു മേഘവിസ്ഫോടനമെന്നും പേർ വിളിക്കുന്നു .കേരളത്തിൽ മെയ് മാസത്തിൽ ഇത്തരത്തിൽ മഴ രേഖപെടുത്തിയിട്ടുണ്ട് . മഴ (high intensity rainfall) വഴി എത്തുന്ന വലിയ അളവിലുള്ള വെള്ളം കൈകാര്യം ചെയ്യാൻ നമ്മുടെ രാജ്യത്തെ വലിയ നഗരങ്ങളിലടക്കം ബുദ്ധിമുട്ടുകൾ വരാറുണ്ട് |

സെക്ഷൻ ഓഫീസർ